

# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 1 ലക്കം 1

ജൂലൈ 2018



പാറശ്ശാല ഭദ്രാസന പ്രഥമ അദ്ധ്യക്ഷൻ

അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത



**ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ**

**65-ാം ഓർമ്മപ്പെരുന്നാൾ**

**2018 ജൂലൈ 15**

# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ

വാല്യം 1 ജൂൺ 2018 ലക്കം 1


ഉള്ളടക്കം


| | |
|---|---|
| ഇടയശബ്ദം | 3 |
| സർക്കുലർ | 4 |
| ലോക മാധ്യമദിനസന്ദേശം | 12 |
| ഭദ്രാസന വാർത്തകൾ | 19 |
| Name & Address of Priests in the Eparchy | 22 |
| Address of Parishes and Missions | 27 |
| Office Bearers | 36 |
| വിശ്വാസ പരിശീലന കാര്യാലയം | 37 |
| എം.സി.വൈ.എം. | 42 |
| എം.സി.എ. | 45 |
| മാതൃവേദി | 48 |
| ബൈബിൾ അപ്പസ്തോലേറ്റ് | 49 |
| കുടുംബ പ്രേക്ഷിത കാര്യാലയം | 51 |
| എം.സി.സി.എൽ. | 51 |
| സെമിനാരി വാർത്തകൾ | 52 |
| വിദ്യാഭ്യാസം | 54 |
| സ്മരണീയ ദിനങ്ങൾ | 55 |
| Bishop's Diary | 56 |



*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Sheen Thankalayam

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Hormis
Puthenveettil

*(Private Circulation Only)*

## St. Teresa of Calcutta (Mother Teresa)



Heavenly Patroness of the Diocese of Parassala

# ഇടയശബ്ദം



അഭിനവ പാറശ്ശാല ഭദ്രാസനത്തിന്റെ പ്രഥമ ഭദ്രാസന ബുള്ളറ്റിന്റെ പ്രസിദ്ധീകരണത്തിൽ സന്തോഷിക്കുന്നു. ഭദ്രാസനത്തിന്റെ വൈവിധ്യമാർന്ന ശുശ്രൂഷകൾ നാം ആരംഭിച്ചിട്ട് ഏതാനും മാസങ്ങൾ മാത്രമേ ആയിട്ടുള്ളു എങ്കിലും ദൈവത്തിന്റെ അനന്തമായ പരിപാലനയിലും ഈ പ്രദേശത്തെ ദൈവ മക്കളോടുള്ള ദൈവത്തിന്റെ പ്രത്യേക വാത്സല്യത്തിലും നമ്മുടെ ശുശ്രൂഷ കളെല്ലാം ചൈതന്യവത്തായി മുന്നേറുന്നു എന്നതിൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. ഒരു രൂപതയുടെ അനുദിന ജീവിത സ്പന്ദനങ്ങളും ശുശ്രൂ ഷകളും അവയ്ക്ക് വെളിച്ചവും ദിശാബോധവുമേകുന്ന അടിസ്ഥാന ദർശന ങ്ങളും ബോധ്യങ്ങളും പ്രതിഫലിപ്പിക്കുക എന്നതാണല്ലോ ഒരു രൂപതാ ബുള്ളറ്റിന്റെ കർത്തവ്യം. ആ അർത്ഥത്തിൽ ഈ ബുള്ളറ്റിനും ക്രമമായുള്ള ഇതിന്റെ പ്രസിദ്ധീകരണവും രൂപതാംഗങ്ങൾക്കും രൂപതയുടെ എല്ലാ സ്നേഹിതർക്കും രൂപതാ ജീവിതത്തിന്റെ ഒരു നേർക്കാഴ്ച്ചയും സാക്ഷ്യവു മായിരിക്കും എന്ന് പ്രത്യാശിക്കുന്നു.

മലങ്കര കത്തോലിക്കാ സഭാജീവിതത്തിന്റെ സർവ്വ നന്മകളിലേക്കും സൗഭാഗ്യങ്ങളിലേക്കും ത്യാഗപൂർവ്വം നമ്മെ ആനയിച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 65-ാം ഓർമ്മപ്പെരുന്നാളിന്റെ അനുഗ്രഹീത പശ്ചാത്തലത്തിലാണല്ലോ നമ്മുടെ പ്രഥമ ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്ന ത്. ആ പുണ്യപിതാവിന്റെ അസാധാരണമായ പ്രേഷിത ചൈതന്യവും സമർപ്പണവും സഭാശുശ്രൂഷയിലും വ്യക്തിജീവിതത്തിലും സാക്ഷിച്ച സവി ശേഷമായ ലാളിത്യവും നേർമ്മയും നമ്മുടെ രൂപതാ ശുശ്രൂഷകൾക്ക് പ്രചോ ദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഈ രൂപതാ ബുള്ളറ്റിന്റെ ഔദ്യോഗിക ചുമതലയുള്ള രൂപതാ ചാൻസി ലറിനെയും വികാരി ജനറാളിനെയും ഇതിന്റെ പ്രസിദ്ധീകരണത്തിൽ സഹായി ക്കുന്ന ബഹുമാനപ്പെട്ട ഷീൻ തങ്കാലയം അച്ചനെയും ഞാൻ അഭിനന്ദിക്കുന്നു. ഇതിന്റെ പ്രസിദ്ധീകരണത്തിൽ നമ്മുടെ രൂപതയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികരുടെയും സന്യസ്തരുടെയും ഇടവകകളുടെയും സഹകരണവും പിന്തുണയും ഞാൻ പ്രതീക്ഷിക്കുന്നു. രൂപതാ ശുശ്രൂഷകളുടെയും ചൈത ന്യത്തിന്റെയും മനോഹര പ്രതിഫലനമായി ഈ ബുള്ളറ്റിൻ നിങ്ങളുടെ കൈകളി ലെത്തട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. ദൈവം നാമേവരെയും സമൃദ്ധ മായി അനുഗ്രഹിക്കട്ടെ.

+ Eusebius

✠തോമസ് മാർ യൗസേബിയോസ്

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot No CPL 1/2018

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

## ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 65-ാം ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കരയിലെ വിഭജനത്തിന്റെ മുറിവുണക്കാൻ ദൈവം നിയോഗിച്ച ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ 65-ാം ദുക്റോനോ തിരുന്നാൾ 2018 ജൂലൈ 1 മുതൽ 14 വരെ തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ സഭയൊന്നാകെ ആഘോഷിക്കുകയാണ്. ഈ വർഷം 15-ാം തീയതി ഞായറാഴ്ച ആയതിനാൽ സഭയുടെ പൊതുവായ ആഘോഷദിവസം 14-ാം തീയതി ശനിയാഴ്ച ആയിരിക്കും എന്നറിയിക്കുന്നു. അന്നേദിവസം ആഘോഷമായ വി. സമൂഹബലിയും കബറിങ്കൽ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകളും ഉണ്ടായിരിക്കുന്നതാണ്. 65-ാം ഓർമ്മപ്പെരുന്നാളിൽ നമ്മുടെ മുഖ്യാതിഥിയായി എത്തി നമ്മെ അനുഗ്രഹിക്കുന്നത് കത്തോലിക്കാസഭയിലെ തന്നെ പ്രസിദ്ധമായ ജർമ്മനിയിലെ കൊളോൺ അതിരൂപതാ മെത്രാപ്പോലിത്താ അത്യുന്നത കർദ്ദിനാൾ റെയ്നർ മരിയ വോൾക്കി (Rainer Maria Cardinal Woelki)) തിരുമനസ്സുകൊണ്ടാണ്. ജൂലൈ 13 മുതൽ 16 വരെ നമ്മുടെ സഭയുടെ മുഖ്യാതിഥിയായി അത്യഭിവന്ദ്യ

തിരുമേനി നമ്മുടെ ഇടയിൽ ഉണ്ടായിരിക്കുന്നതാണ്. ജൂലൈ 13ന് വൈകിട്ട് നടക്കുന്ന മെഴുകുതിരി പ്രദക്ഷിണ നേർച്ചയിലും 14ന് നടക്കുന്ന എല്ലാ ചടങ്ങുകളിലും അത്യുന്നത കർദ്ദിനാൾ തിരുമേനി സംബന്ധിക്കുന്നതും നമ്മെ അനുഗ്രഹിക്കുന്നതുമാണ്. ഓർമ്മപ്പെരുന്നാൾ വി. കുർബാനയിലെ വചന സന്ദേശം അത്യഭിവന്ദ്യ തിരുമേനി നൽകുന്നതാണ്. കൊളോൺ അതിരൂപതയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുമായി വളരെ അടുത്ത ബന്ധമാണുള്ളത്. പുനരൈക്യ പ്രസ്ഥാനത്തിനും നമ്മുടെ രൂപതകൾക്കും സന്യാസ സമൂഹങ്ങൾക്കും സ്ഥാപനങ്ങൾക്കുമെല്ലാം ഈ പുരാതന കത്തോലിക്കാ അതിരൂപത നൽകിയിട്ടുള്ളതും ഇപ്പോഴും തുടരുന്നതുമായ സഹായ സഹകരണങ്ങൾ യഥാർത്ഥ കത്തോലിക്കാ സമീപനത്തിന്റെയും കരുതലിന്റെയും നേർക്കാഴ്ചകളാണ്. അതാതു കാലങ്ങളിലെ അതിരൂപതാദ്ധ്യക്ഷന്മാർ നൽകിയിട്ടുള്ളതും ഇപ്പോഴത്തെ ആർച്ചുബിഷപ്പും എനിക്ക് എത്രയും സ്നേഹബഹുമാനമുള്ളതുമായ അത്യുന്നത കർദ്ദിനാൾ റെയ്നർ മരിയ വോൾക്കി തിരുമേനി തുടരുന്നതുമായ വലിയ പ്രോത്സാഹനത്തിന് നമ്മുടെ എല്ലാ ഭദ്രാസനങ്ങളുടെയും സന്യാസ സമൂഹങ്ങളുടെയും നാമത്തിലുള്ള ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചുകൊള്ളുന്നു. അതിധന്യനായ കർദ്ദിനാൾ വോൾക്കി തിരുമേനിയുടെയും കൂടെയുള്ള സംഘത്തിന്റെയും മലങ്കരസഭാ സന്ദർശനം നമുക്ക് കൂടുതൽ ധന്യത പകരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

പുത്തൻകൂർ സമൂഹത്തിന്റെ സമുദ്ധാരണത്തിന് ശ്രദ്ധേയമായ സംഭാവനകളാണ് ഫാ. പി. റ്റി. ഗീവർഗീസ് എന്ന മാർ ഈവാനിയോസ് പിതാവിലൂടെ ലഭ്യമായത്. തന്റെ പഠനവും ജീവിതവുമെല്ലാം അതിനായി ഉഴിഞ്ഞുവയ്ക്കുവാൻ സമുദായ സ്നേഹിയായ വന്ദ്യ പിതാവിന് തെല്ലും മടിയുണ്ടായിരുന്നില്ല. വൈദികനായപ്പോഴും പിന്നീട് മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടപ്പോഴും ഈ കാര്യങ്ങളിലുള്ള തന്റെ ശ്രദ്ധയ്ക്ക് ഒരു കുറവും വരുത്തിയില്ല. ഐക്യവും, സ്നേഹവും പിതാവിന്റെ ഇഷ്ടവിഷയങ്ങളായിരുന്നു. അതുകൊണ്ടുതന്നെയാണ് വിഭജനത്തിന്റെ ചരിത്രപാഠങ്ങൾ, ഐക്യത്തിലൂടെയും സ്നേഹപൂർവമായ പ്രവർത്തനങ്ങളിലൂടെയും മാറ്റിയെടുക്കുവാനുള്ള പരിശ്രമങ്ങൾ വൈദിക പഠനകാലത്തുതന്നെ ആരംഭിക്കുന്നത്. എം.ഡി. സെമിനാരിയിലെയും, സെറാമ്പൂർ കോളേജിലെയും അനുഭവങ്ങൾ അതിനെ കൂടുതൽ പ്രോജ്ജ്വലിപ്പിച്ചു. ഐക്യശ്രമങ്ങളിൽ അനിതരസാധാരണമായ ശ്രദ്ധ വന്ദ്യ പിതാവിന്റെ ജീവിതത്തിൽ നാം കണ്ടെത്തുന്നതിന് കാരണവും മറ്റൊന്നല്ല.

സ്വസമുദായം ഐക്യശ്രമങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഭരമേല്പ്പിച്ചപ്പോൾ മുൻവിധികളൊന്നുമില്ലാതെ അതിനായി പരിശ്രമിക്കുവാൻ അഭിവന്ദ്യ പിതാവിനെ പ്രേരിപ്പിച്ചതും ഈ നിയോഗശുദ്ധി തന്നെ.

ആരെയും മാറ്റിനിർത്താതെ എല്ലാവരെയും ഉൾക്കൊള്ളണമെന്ന വന്ദ്യപിതാവിന്റെ ജീവിതവീക്ഷണമാണ്, ആഗോള കത്തോലിക്കാസഭയിൽ ശ്രദ്ധേയമായ മുന്നേറ്റങ്ങൾക്ക് വഴി തെളിക്കുവാൻ, ഈ ചെറിയ അപ്പസ്തോലിക സഭയെ ദൈവം അപ്പസ്തോലിക ഉപകരണമാക്കിയത്. നിലനിൽപ്പിനു വേണ്ടിയല്ല നീതിബോധത്തോടെയുള്ള ദൈവശുശ്രൂഷകൾക്കുവേണ്ടിയാണ് നാം നിലകൊള്ളേണ്ടത് എന്ന് സ്വജീവിതത്തിലൂടെ അഭിവന്ദ്യ പിതാവ് നമുക്ക് കാണിച്ചുതന്നു. എവിടെയായിരുന്നാലും ദൈവസമ്പാദനം അത്യുത്തമമായി കരുതണമെന്ന് പിതാവ് പഠിപ്പിച്ചു; 'ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം'. അതുകൊണ്ടുതന്നെ സമ്പത്തും പദവിയും, പ്രശസ്തിയും നിസ്സാരമായി കരുതാൻ വന്ദ്യ പിതാവിന് സാധിച്ചു. വി. പൗലോസിന്റെ വാക്കുകൾ പിതാവിന്റെ ജീവിതത്തിൽ അന്വർത്ഥമാണ്: "എന്നാൽ, എനിക്ക് ലാഭമായിരുന്ന ഇവയെല്ലാം ക്രിസ്തുവിനെപ്രതി നഷ്ടമായി ഞാൻ കണക്കാക്കി. ഇവ മാത്രമല്ല, എന്റെ കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ, സർവവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടംപോലെ കരുതുകയുമാണ്. ഇത് ക്രിസ്തുവിനെ നേടുന്നതിനും അവനോടുകൂടെ ഒന്നായി കാണപ്പെടുന്നതിനും വേണ്ടിയത്രേ. എനിക്ക് നിയമത്തിൽനിന്ന് ലഭിക്കുന്ന നീതിയല്ല ഉള്ളത്; പിന്നെയോ ക്രിസ്തുവിലുള്ള വിശ്വാസംവഴി ലഭിക്കുന്ന നീതിയാണ്" (ഫിലി. 3:8-9).

മലങ്കര സുറിയാനി കത്തോലിക്കാസഭ യുവജനവർഷമായി ആചരിക്കുന്ന ഈ കാലയളവിൽ വന്ദ്യപിതാവിന്റെ ഈ ജീവിതദർശനങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. സമ്പത്തിനും പദവിക്കും പ്രശസ്തിക്കും വേണ്ടി നെട്ടോട്ടമോടുന്ന ഒരു ലോകക്രമത്തിൽ, ഒരു യുവാവായിരിക്കുമ്പോൾത്തന്നെ അതിനോടുള്ള ഭ്രമങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ അതിയായി ആഗ്രഹിച്ച വ്യക്തിത്വമായിരുന്നു വന്ദ്യ പിതാവിന്റേത്. അനേക യുവജനങ്ങളെ സഭയിലേക്ക് ആകർഷിക്കുവാനും വളർത്തുവാനും അതിലൂടെ പിതാവിന് സാധിച്ചു. 1919-ൽ ബഥനി സന്യാസ സമൂഹത്തിന് തുടക്കം കുറിക്കുന്നതും ഈ ആശയങ്ങളുടെ പിൻബലത്തിലാണ്. അഭിവന്ദ്യ പിതാവ് മെത്രാഭിഷേകാനന്തരം

നടത്തിയ മറുപടി പ്രസംഗത്തിൽ അത് പ്രത്യേകം സൂചിപ്പിക്കുന്നുമുണ്ട്. സമ്പത്തോ, പദവിയോ, പ്രശസ്തിയോ അല്ല ദൈവതിരുമുമ്പിലെ സമർപ്പണ മാണ് ജീവിതവിജയത്തിന് അനിവാര്യമായ ഘടകമെന്ന് പിതാവ് വിശ്വസി ച്ചിരുന്നു. പല തരത്തിലുള്ള സംഘർഷത്തിലൂടെയും തീരുമാനങ്ങളിലൂടെയും കടന്നുപോകേണ്ടിയിരുന്ന സന്ദർഭങ്ങളിലെല്ലാം വന്ദ്യ പിതാവിന് താങ്ങായി നിന്നത് ഈ ഉറച്ച ബോധ്യങ്ങളായിരുന്നു. സഭാശുശ്രൂഷകളിൽ വ്യാപരിക്കുന്ന ഏതൊരാൾക്കും ഇതൊരു പ്രചോദനമായി ഇന്നും എന്നും നിലകൊള്ളണം. വന്ദ്യ പിതാവിന്റെ 65-ാം ഓർമ്മപ്പെരുന്നാൾ ആചരിക്കുന്ന ഈ വേളയിൽ ഏവരുടെയും വിചിന്തനത്തിന് വന്ദ്യതാതന്റെ ഈ മഹത്ദർശനങ്ങൾ കൂടു തൽ കരുത്ത് പകരട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു, ആഗ്രഹിക്കുന്നു.

ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ നമ്മുടെ കൂട്ടായ്മയുടെയും, കൂടിവരവിന്റെയും ഒരു വേദി കൂടിയാണല്ലോ. ഓർമ്മപ്പെരുന്നാളിനു വേണ്ടിയുള്ള ഒരുക്കം ജൂലൈ 1 മുതൽ 15-ാം തീയതി വരെ പ്രത്യേകമായ പ്രാർത്ഥനാശുശ്രൂഷകളോടെയും നോമ്പ നുഷ്ഠാനങ്ങളോടെയുമാണല്ലോ നാം ആചരിക്കുന്നത്. ഇത് നമ്മുടെ സഭാ സ്നേഹവും വ്യക്തിപരമായ ജീവിതവിശുദ്ധിയും കൂടുതൽ ആഴത്തിലുള്ള താക്കാൻ ഏറെ സഹായിക്കുമെന്നുള്ളതിന് സംശയമില്ല. വന്ദ്യതാതന്റെ വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികളുടെ തുടർപ്രവർത്തനങ്ങ ൾക്ക് ഈ ആദ്ധ്യാത്മികാനുഷ്ഠാനങ്ങൾ അത്യന്താപേക്ഷിതവുമാണ്. വ്യക്തി പരമായ ബുദ്ധിമുട്ടുകളെക്കാളുപരി സഭയോടുള്ള ആത്മാർത്ഥമായ ബന്ധ ത്തിന്റെയും, സ്നേഹത്തിന്റെയും പ്രതിഫലനമായി കണ്ടുകൊണ്ട് ഇവ അനുഷ്ഠിക്കുവാൻ സഭാമക്കളായ നിങ്ങളോരോരുത്തരോടും ഞാൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ എല്ലാ ഇടവകകളിലും, സന്യാസ-സന്യാസിനീ ഭവനങ്ങളിലും, ആശ്രമങ്ങളിലും, സെമിനാരികളിലും, പരിശീലന ഭവനങ്ങ ളിലും, കുടുംബങ്ങളിലും പ്രത്യേകമായ പ്രാർത്ഥനകളും, പുണ്യപ്രവർത്തി കളും ധ്യാനയോഗങ്ങളും ഈ ദിവസങ്ങളിൽ നടത്തണമെന്ന കാര്യവും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ജൂലൈ 1 മുതൽ 14 വരെ എല്ലാദിവസവും ദൈവദാസന്റെ കബർ സ്ഥിതിചെയ്യുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ കബറിനോട് ചേർന്ന് വി. കുർബാനയും, ധ്യാനയോഗങ്ങളും, മധ്യസ്ഥ പ്രാർത്ഥനകളും, വി. കുമ്പസാരവും ഉണ്ടായിരിക്കുന്നതാണ്. തീർത്ഥാടക സംഘങ്ങളായി കബറിൽ വന്ന് പ്രാർത്ഥിക്കുന്നതിനുള്ള ക്രമീകരണങ്ങൾ

ഓരോ ഇടവക സമൂഹവും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ചെയ്യുന്നത് ഈ അവസരത്തിൽ ഏറെ അനുഗ്രഹപ്രദമാണ്. വർഷം മുഴുവൻ സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ കബർ ചാപ്പലിൽ കഴിഞ്ഞ 2 വർഷമായി നടന്നുവരുന്ന അനുഗ്രഹീതമായ ശുശ്രൂഷകളെ ഇത്തരുണത്തിൽ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. നമ്മുടെ പിതാവിന്റെ അനുഗൃഹീതമായ മാധ്യസ്ഥം അനേകർക്ക് എത്തിച്ചുകൊടുക്കുവാനുള്ള ഉത്തരവാദിത്വവും കടമയും നാമോരുരത്തരിലും നിക്ഷിപ്തമാണ് എന്നത് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് എല്ലാ വർഷവും നാം നടത്തിവരാറുള്ള അനുഗൃഹീതമായ ഒരു ശുശ്രൂഷയാണല്ലോ മാർ ഈവാനിയോസ് പദയാത്ര. ഈ വർഷം ജൂലൈ 9-ാം തീയതിയായിരിക്കും പ്രധാന തീർത്ഥാടന പദയാത്ര പത്തനംതിട്ട ഭദ്രാസനത്തിലെ റാന്നി-പെരുന്നാട്ടിൽ നിന്നും ആരംഭിക്കുന്നത്. ഓരോ വർഷവും ആത്മീയമായ ഒരുക്കങ്ങളോടെ അനേകം പേർ പ്രായഭേദമന്യേ ഈ പദയാത്രയിൽ പങ്കുചേരുന്നത് ഒരു ദൈവാനുഗ്രഹമായി കരുതുന്നു. ത്യാഗപൂർവമായ ഈ പ്രവർത്തിയിലൂടെ ദൈവകൃപ ധാരാളമായി ലഭിക്കുന്നതിന്റെ മകുടോദാഹരണമാണ് ഓരോ വർഷവും ഏറിവരുന്ന ജനബാഹുല്യം. ഇതരമതസ്ഥരായ അനേകം സഹോദരീസഹോദരന്മാർ ഈ യാത്രയുടെ ധന്യത മനസ്സിലാക്കി ഇതിനെ സ്വീകരിക്കുകയും ഇതിൽ പങ്കുചേരുകയും ചെയ്യുന്നുവെന്ന വാർത്ത നമുക്കഭിമാനം നൽകുന്ന കാര്യമാണ്. മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും മലങ്കര സുറിയാനി കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ (എം.സി.വൈ.എം.) സഭാതല സമിതി ഈ പദയാത്രയ്ക്ക് നേതൃത്വം നൽകുന്നതാണ്. യുവജനവർഷത്തിൽ നമ്മൾ നടത്തുന്ന ഈ തീർത്ഥാടന പദയാത്രയിൽ കൂടുതൽ യുവജനങ്ങളുടെ പ്രാർത്ഥനാപൂർവമായ സജീവ സാന്നിധ്യം പ്രത്യേക നിയോഗങ്ങളോടെ ഉണ്ടാവണം. വി.കുമ്പസാരം നടത്തി പൂർണ്ണ യോഗ്യതയോടെ വി. കുർബാന അനുഭവിക്കുന്നതിന് ഏവരും പ്രത്യേകം ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും യുവജന നേതാക്കളുടെയും പ്രത്യേകമായ ശ്രദ്ധയും പരിഗണനയും ഈ കാര്യങ്ങളുടെ ക്രമീകരണങ്ങളിൽ ഉണ്ടായിരിക്കണം. വ്യക്തിപരമായ നോമ്പനുഷ്ഠാനത്തോടെ ഈ പദയാത്രയിൽ സംബന്ധിക്കുന്നവർ അതിന്റെ ഭക്തിയും നിഷ്ഠയും നിലനിർത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം. തിരുവല്ല, മൂവാറ്റുപുഴ, മാവേലിക്കര,

മാർത്താണ്ഡം, ഗുഡ്ഗാവ് എന്നീ ഭദ്രാസനങ്ങളിൽ നിന്നും, പൂന-കട്കി എക്സാർക്കേറ്റിൽനിന്നും, ഭാരതത്തിനു പുറത്തുള്ള കേന്ദ്രങ്ങളിൽനിന്നും പദയാത്രകൾ പ്രധാന പദയാത്രയോടു ചേർന്ന് കബറിങ്കൽ എത്തിച്ചേരുന്നതാണ്.

ജൂലൈ 13-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് പെരുന്നാട്ടിൽനിന്നുമുള്ള പ്രധാന തീർത്ഥാട പദയാത്ര എത്തിചേർന്നാലുടൻ സന്ധ്യാപ്രാർത്ഥനയും മെഴുകുതിരി പ്രദക്ഷിണവും ഉണ്ടായിരിക്കുന്നതാണ്. അന്നുതന്നെ സന്ധ്യാപ്രാർത്ഥനക്കുശേഷം സുവിശേഷസംഘത്തിന്റെ സഭാതലത്തിലെ 5-ാം ബാച്ച് അംഗങ്ങളുടെ കൈവയ്പു ശുശ്രൂഷ നടത്തപ്പെടും. ഓർമ്മപ്പെരുന്നാളിന്റെ പൊതുവായ ആഘോഷം നടക്കുന്ന 14-ാം തീയതി രാവിലെ 8 മണിക്ക് ആഘോഷമായ വി. കുർബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കും. നമ്മുടെ സഭയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികരെയും ഓർമ്മപ്പെരുന്നാൾ വി. കുർബാനയിൽ സഹകാർമ്മികരായി പങ്കുചേരുന്നതിന് ഞാൻ പ്രത്യേകം ക്ഷണിക്കുന്നു. ഈ ഓർമ്മപ്പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ സഭാമക്കളായ ഏവരെയും ഞാൻ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

വിശ്വാസം, ജീവിക്കുവാനും സാക്ഷ്യപ്പെടുത്തുവാനുമുള്ളതാണെന്നും വിശ്വാസിയായിരിക്കുകയെന്നാൽ ദൈവേഷ്ടത്തിന് പൂർണമായി സമർപ്പിക്കുക എന്നതാണെന്നും സ്വജീവിതത്തിലൂടെ കാണിച്ചുതന്ന ജാഗ്രതയുള്ള കാര്യസ്ഥനായിരുന്നു ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്. മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ സകല അനുഗ്രഹങ്ങളുടെയും കേന്ദ്രസ്ഥാനം അഭിവന്ദ്യപിതാവിന്റെ ഈ ആത്മീയദർശനമാണ്. അതുതന്നെയാണ് മുണ്ടൻമലയിൽനിന്നും ഇല്ലായ്മയിലേക്ക് ഇറങ്ങി വരുവാൻ ആ വന്ദ്യ പിതാവിന് ധൈര്യംപകർന്നത്. കടുകുമണി ചെറുതെങ്കിലും ദൈവസംരക്ഷണത്തിന്റെ കരുതലിൽ അത് പടർന്ന് പന്തലിക്കുമെന്നും അനേകർക്ക് ആശ്രയകേന്ദ്രമാകുമെന്നും ആ വത്സലതാതൻ ദീർഘദർശനം ചെയ്തു. വിവിധ സ്ഥലങ്ങളിലായി മലങ്കര സുറിയാനി കത്തോലിക്കാസഭ ഏറ്റെടുത്ത് നിർവഹിക്കുന്ന കാരുണ്യപ്രവർത്തികളും, സാമൂഹ്യസേവനങ്ങളുമെല്ലാം ഈ പ്രകാശത്തിൽനിന്നും ശക്തിസംഭരിച്ചിട്ടുള്ളതാണ്. വന്ദ്യതാതന്റെ ഈ ദൈവൈക്യത്തിലും സഭാസ്നേഹത്തിലും ഉൾചേരുന്ന മലങ്കര കത്തോലിക്കാ വിശ്വാസികളായി നമുക്ക് ജീവിക്കാം. അതിന് വന്ദ്യപിതാവിന്റെ മാധ്യസ്ഥം

നമുക്കു തുണയാകട്ടെ. 65–ാം ഓർമ്മപ്പെരുന്നാൾ ഈ ഓർമ്മപ്പെടുത്തലുകളോടെ ആചരിക്കുവാൻ നിങ്ങൾക്കേവർക്കും സാധിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis.

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ.**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്–കാതോലിക്കോസ്.

15.06.2018
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

N.B: ഈ കല്പന, അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, സന്യാസഭവനങ്ങളിലും, വൈദിക-സന്യസ്ത പരിശീലന ഭവനങ്ങളിലും ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

## 65 – ാം ഓർമ്മപ്പെരുന്നാൾ – 2018

**ജൂലൈ 1 മുതൽ 13 വരെ**

9 a.m.-5 p.m. : കബറിങ്കൽ പ്രാർത്ഥനാ ശുശ്രൂഷകൾ
: സന്ധ്യാനമസ്ക്കാരം
5.30 p.m. : വി. കുർബാന

**ജൂലൈ 9 (തിങ്കൾ) റാന്നി–പെരുന്നാട്**

6.15 a.m. : പ്രഭാത നമസ്കാരം, വി. കുർബാന
8 a.m. : പെരുന്നാട്ടിൽനിന്നുള്ള പ്രധാന തീർത്ഥാടന പദയാത്രയുടെ ഉദ്ഘാടനം.

**മറ്റു പദയാത്രകൾ**

: മാവേലിക്കരയിൽനിന്ന് **7.30 a.m.**, **ജൂലൈ 9 തിങ്കൾ**
: തിരുവല്ലായിൽനിന്ന് **2.30 p.m.**, **ജൂലൈ 9 തിങ്കൾ**
: മാർത്താണ്ഡത്തുനിന്ന് **8.30 a.m.**, **ജൂലൈ 12 വ്യാഴം**
: മൂവാറ്റുപുഴയിൽ നിന്ന് **9.30 a.m.**, **ജൂലൈ 6 വെള്ളി**

**ജൂലൈ 13 (വെള്ളി)**

11 a.m. : വി. കുർബാന (കത്തീഡ്രൽ)
5 p.m. : പെരുന്നാട്ടിൽനിന്നുള്ള പ്രധാന പദയാത്രികരെ കബറിങ്കൽ സ്വീകരിക്കുന്നു. (കത്തീഡ്രൽ)
5.30 p.m. : സന്ധ്യാനമസ്കാരം (കത്തീഡ്രൽ)
: സുവിശേഷസംഘാംഗങ്ങൾക്ക് കൈവെയ്പ് ശുശ്രൂഷ
: മെഴുകുതിരി പ്രദക്ഷിണ നേർച്ച
: കബറിങ്കൽ ധൂപപ്രാർത്ഥന, ശ്ലൈഹിക വാഴ്വ്
8.00 p.m. മുതൽ : കബറിങ്കൽ അഖണ്ഡപ്രാർത്ഥന

**ജൂലൈ 14 (ശനി)**

8 a.m. : **അത്യുന്നത കർദ്ദിനാൾ റെയ്നർ മരിയ വോൾക്കി തിരുമേനിക്ക്** കത്തീഡ്രൽ കവാടത്തിൽ ഔദ്യോഗിക സ്വീകരണം
8.30 a.m. : പ്രഭാത നമസ്ക്കാരം
: ആഘോഷമായ **പൊന്തിഫിക്കൽ കുർബാന** (വിശുദ്ധ സമൂഹബലി)
: സുവിശേഷപ്രഘോഷണം :

**അത്യുന്നത കർദ്ദിനാൾ റെയ്നർ മരിയ വോൾക്കി**

: സുവിശേഷസംഘാംഗങ്ങൾക്ക് വി. വേദപുസ്തകവും മെഴുകുതിരിയും നൽകുന്നു
: കബറിങ്കൽ ധൂപപ്രാർത്ഥന
: ശ്രാദ്ധ സദ്യ

## ലോക മാധ്യമദിനസന്ദേശം – 2018
## ഫ്രാൻസിസ് മാർപാപ്പ

### "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)
### വ്യാജവാർത്തകളും സമാധാനത്തിനുവേണ്ടിയുള്ള മാധ്യമപ്രവർത്തനവും

പ്രിയ സഹോദരീസഹോദരന്മാരേ,

വാർത്താവിനിമയം, നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ ഭാഗവും പരസ്പരം സൗഹൃദം അനുഭവിച്ചറിയാനുള്ള സത്താപരമായ മാർഗവുമാണ്. നമ്മുടെ സ്രഷ്ടാവിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായതുകൊണ്ട് സത്യവും നല്ലതും സുന്ദരവുമായതെല്ലാം പ്രകടിപ്പിക്കാനും പങ്കുവയ്ക്കാനും നമുക്കു സാധിക്കും. നമ്മുടെ അനുഭവങ്ങളെയും നമുക്കുചുറ്റുമുള്ള ലോകത്തെയും വിവരിക്കുന്നതിലൂടെ സംഭവങ്ങളെക്കുറിച്ചുള്ള ചരിത്രപരമായ ഓർമ്മയും ധാരണയും സൃഷ്ടിക്കാൻ നമുക്കു കഴിയും. എന്നാൽ അഹന്തയ്ക്കും സ്വാർത്ഥതയ്ക്കും നാം കീഴ്പ്പെടുമ്പോൾ ആശയവിനിമയത്തിനുള്ള നമ്മുടെ സാധ്യത വികലമാക്കപ്പെടും. ഇത് ആദിമകാലം മുതൽ കാണുന്ന ഒന്നാണ്. കായേൻ, ആബേൽ എന്നിവരെയും ബാബേൽ ഗോപുരത്തെയും സംബന്ധിച്ച് ബൈബിളിൽ കാണുന്ന കഥകളിൽ അതുകാണാം (cf ഉത്പ 4:4–16; 11:1–9). സത്യത്തെ വളച്ചൊടിക്കാനുള്ള കഴിവ്, വ്യക്തികളെന്ന നിലയിലും സമൂഹങ്ങളെന്ന നിലയിലുമുള്ള നമ്മുടെ അവസ്ഥയുടെ ലക്ഷണമാണ്. മറുവശത്ത്, നാം ദൈവത്തിന്റെ പദ്ധതിയോടു വിശ്വസ്തത പുലർത്തുമ്പോൾ ആശയവിനിമയം സത്യത്തിനുവേണ്ടിയുള്ള നമ്മുടെ ഉത്തരവാദിത്വപൂർണമായ അന്വേഷണത്തിന്റെയും നന്മയെ പിന്തുടരുന്നതിന്റെയും കാര്യക്ഷമമായ പ്രകാശനമായിത്തീരും.

ഇന്ന്, വാർത്താവിനിമയത്തിന്റെയും ഡിജിറ്റൽ സംവിധാനങ്ങളുടെയും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് "വ്യജവാർത്തകൾ" എന്നറിയപ്പെടുന്നവയുടെ വ്യാപനത്തിന് നാം സാക്ഷ്യംവഹിക്കേണ്ടിവരുന്നു. ഇത് നമ്മുടെ വിചിന്തനം ആവശ്യപ്പെടുന്നു. അതുകൊണ്ടാണ് ഈ ലോകസമ്പർക്ക മാധ്യമദിന സന്ദേശത്തിൽ സത്യമെന്ന വിഷയം വീണ്ടും അവതരിപ്പിക്കാൻ ഞാൻ നിശ്ചയിച്ചത്. ഈ വിഷയം പലകാലങ്ങളിലും എന്റെ മുൻഗാമികൾ ഉയർത്തിക്കാണിച്ചിട്ടുള്ളതാണ്. പോൾ 6–ാമൻ മാർപാപ്പ അതു തുടങ്ങിവച്ചു. അദ്ദേഹത്തിന്റെ 1972–ലെ സന്ദേശം "സാമൂഹിക സമ്പർക്കമാധ്യമങ്ങൾ സത്യത്തിനുള്ള സേവനത്തിന്" എന്നതായിരുന്നു. ഈ വിചിന്തനങ്ങളോട് പങ്കുചേർന്ന് വ്യാജവാർത്തകളുടെ വ്യാപനത്തെ കണ്ടെത്താനും വാർത്താവിനിമയത്തിന്റെ മഹത്ത്വത്തെയും സത്യം അറിയിക്കാൻ വാർത്താവിതരണക്കാർക്കുള്ള വ്യക്തിപരമായ കടമയെയും പ്രചോദിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

### 1. വ്യാജവാർത്തയെ സംബന്ധിച്ച "വ്യാജം" എന്താണ്?

വ്യാജവാർത്തകൾ എന്ന പദം വലിയ ചർച്ചയ്ക്കും വാദപ്രതിവാദത്തിനും വിഷയമായിട്ടുണ്ട്. പൊതുവേ, തെറ്റായ വിവരം ഓൺലൈൻവഴിയോ പരമ്പരാ

ഗതമാധ്യമങ്ങൾ വഴിയോ പ്രചരിപ്പിക്കുന്നതിനെയാണ് അതു സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഇല്ലാത്തതോ വികലമാക്കപ്പെട്ടതോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വായനക്കാരനെ വഞ്ചിക്കാനും ദുരുപയോഗിക്കാനും വേണ്ടി തെറ്റായ വിവരങ്ങൾ നല്കലാണത്. വ്യാജവാർത്തകളുടെ പ്രചരിപ്പിക്കൽ പ്രത്യേക ലക്ഷ്യങ്ങൾ നേടാനും രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാനും സാമ്പത്തിക കാര്യങ്ങൾ സാധിക്കാനും സഹായകമാകും.

വ്യാജവാർത്തകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിന്റെ കാരണം, ഒന്നാമതായി യഥാർത്ഥ വാർത്ത തെറ്റായിരിക്കാമെന്ന് തോന്നുംവിധം അവതരിപ്പിക്കാനുള്ള സാമർത്ഥ്യംകൊണ്ടാണ്. രണ്ടാമതായി തെറ്റായ വാർത്തയെ വിശ്വസിപ്പിക്കാവുന്ന രീതിയിൽ അവതരിപ്പിക്കുന്ന വഞ്ചനാത്മകമായ അവതരണമാണ്. അത് സ്ഥിരവും പൊതുവുമായ മുൻവിധികളെ അനുകൂലിച്ച് ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ആകുലത, വെറുപ്പ്, കോപം, മനോഭംഗം മുതലായി പെട്ടെന്നുണ്ടാകുന്ന വികാരങ്ങളെ അതു ചൂഷണം ചെയ്യുന്നു. സാമൂഹിക നെറ്റുവർക്കുകളുടെ ദുരുപയോഗത്തെയും അവയുടെ പ്രവർത്തന രീതിയെയും ആശ്രയിച്ചാണ് അത്തരം വ്യാജവാർത്തകൾ പ്രചരിപ്പിക്കാനുള്ള കഴിവുണ്ടാകുന്നത്. സത്യമല്ലാത്ത കഥകൾ പെട്ടെന്നു പ്രചരിക്കുകയും അവയുടെ ആധികാരിക നിഷേധങ്ങൾ അതുവഴിയുണ്ടായ നാശത്തെ തടയാൻ അപര്യാപ്തമാകുകയും ചെയ്യും.

വ്യാജവാർത്തകളെ തുറന്നു കാണിക്കാനും ഒഴിവാക്കാനും പ്രയാസമുണ്ട്. കാരണം, അനേകം ആളുകൾ വ്യത്യസ്തവീക്ഷണങ്ങളും അഭിപ്രായങ്ങളും കടന്നുചെല്ലാത്ത സ്ഥിരം ഡിജിറ്റൽ സാഹചര്യങ്ങളോടാണ് പ്രതികരിക്കുന്നത്. അങ്ങനെ, മുൻവിധികളെ കാര്യക്ഷമമായി വെല്ലുവിളിക്കാനും സർഗാത്മകമായ സംഭാഷണമുണ്ടാകാനും സഹായിക്കുന്ന മറ്റുള്ള ഗുണപരമായ ആശയവിനിമയ ഉറവിടങ്ങൾ ഇല്ലാത്തതുകൊണ്ട് വികലമാക്കൽ പ്രക്രിയ വളർന്നു പുഷ്പിക്കുന്നു. അടിസ്ഥാനമില്ലാത്ത തെറ്റായ ആശയങ്ങളെ പ്രചരിപ്പിക്കാൻ, മനസ്സില്ലെങ്കിലും അവർ പ്രേരിപ്പിക്കപ്പെടുന്നു. തെറ്റായ വിവരം നല്കുന്നതിന്റെ ദുരന്തം ഇതാണ്: അതു മറ്റുള്ളവരെ ശത്രുക്കളായി ചിത്രീകരിച്ചുകൊണ്ട് അപമാനിക്കുകയും അവരെ ദുഷ്ടാത്മാക്കളായി ചിത്രീകരിച്ച് സംഘട്ടനത്തിലേക്കുവരെ നയിക്കുന്നു. സഹനശേഷിയില്ലാത്തതും അമിതവികാരംകൊള്ളിക്കുന്നതുമായ മനോഭാവങ്ങളുടെ അടയാളമാണ് വ്യാജവാർത്തകൾ. അത് മർക്കടമുഷ്ടിയും വിദ്വേഷവും പ്രചരിപ്പിക്കാൻ പ്രേരിപ്പിക്കുകയേ ഉള്ളൂ.

### 2. വ്യാജവാർത്തകളെ നമുക്ക് എങ്ങനെ തിരിച്ചറിയാൻ കഴിയും?

അസത്യങ്ങളെ നേരിടുകയെന്ന കടമയിൽനിന്ന് ഞാൻ ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന് വിചാരിക്കാൻ നമുക്ക് ആർക്കും സാധ്യമല്ല. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, വ്യാജവാർത്തകൾ മിക്കപ്പോഴും മന:പൂർവം സൂത്രത്തിൽ ഒഴിഞ്ഞുമാറുന്നതും സൂക്ഷ്മതയോടെ വഴിതെറ്റിക്കുന്നതുമായ പ്രഭാഷണവിദ്യയിൽ അടിയുറപ്പിച്ചിരിക്കും. ചിലപ്പോൾ കുതർക്കങ്ങൾ ഉള്ള മനശ്ശാസ്ത്രപരമായ സമ്പ്രദായങ്ങൾ പ്രയോഗിച്ചിരിക്കും. മാധ്യമങ്ങൾ നല്കുന്ന വിവരങ്ങൾ വ്യാഖ്യാനിക്കാനും വിലയിരുത്താനും ജനങ്ങളെ സഹായിക്കുന്ന വിദ്യാഭ്യാസപ

രമായ പദ്ധതി സൃഷ്ടിക്കാൻ ഇന്നു പ്രശംസനീയമായ പരിശ്രമങ്ങൾ നടക്കുന്നുണ്ട്. തെറ്റായ വിവരങ്ങൾ ചിന്താശൂന്യരായി പ്രചരിപ്പിക്കാൻ സഹായിക്കാതെ തെറ്റുകളെ തുറന്നുകാണിക്കുന്നതിൽ സജീവമായി പങ്കുചേരാൻ അവ പഠിപ്പിക്കും. ആ പ്രതിഭാസത്തെ നിയന്ത്രിക്കാൻ സ്ഥാപനപരവും നിയമപരവുമായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെന്നതും പ്രശംസനീയമാണ്. ദശലക്ഷക്കണക്കിനുള്ള ഡിജിറ്റൽ പ്രൊഫൈലുകളിൽ ഒളിച്ചുവച്ചിട്ടുള്ള വ്യക്തിപരമായ വിവരങ്ങൾ പരിശോധിച്ചറിയാനുള്ള മാനദണ്ഡങ്ങൾ സാങ്കേതികവും മാധ്യമപരവുമായ കമ്പനികൾ ചെയ്യുന്നുണ്ടെന്നതിനെ സംബന്ധിച്ച് ഒന്നും പറയേണ്ടതില്ലല്ലോ.

എന്നാലും വ്യാജവാർത്താപ്രചാരണത്തിന്റെ രീതിയെ തടയുകയും അതിനെ തിരിച്ചറിയുകയും ചെയ്യുകയെന്നത് വിവേചിച്ചറിയലിന്റെ അഗാധവും ശ്രദ്ധാപൂർവകവുമായ പ്രക്രിയ ആവശ്യപ്പെടുന്നുണ്ട്. "നിഗൂഢ വിപത്തുണ്ടാക്കുന്ന തന്ത്രങ്ങൾ" എന്നു വിളിക്കപ്പെടാവുന്നതിനെ നാം തുറന്നുകാണിക്കണം. ഏതു സമയത്തും ഏതു സ്ഥലത്തും ശ്രദ്ധയാകർഷിക്കാൻ വേണ്ടി തങ്ങളെതന്നെ വേഷപ്രച്ഛന്നരാക്കുന്നവരാണ് ആ തന്ത്രങ്ങൾ പ്രയോഗിക്കുന്നത്. ഈ സമരതന്ത്രം തന്നെയാണ് ഉത്പത്തി പുസ്തകത്തിലെ "തന്ത്രശാലിയായ പാമ്പ്" പ്രയോഗിച്ചത്. അത് മനുഷ്യവംശത്തിന്റെ ആരംഭത്തിൽത്തന്നെ വ്യാജവാർത്ത സൃഷ്ടിച്ച് (cf ഉത്പ 3:1–15) മാനുഷിക പാപത്തിന്റെ ദുരന്തം തുടങ്ങിവച്ചു. സഹോദരനെ കൊല്ലുന്നതുവരെ അതു എത്തി (cf ഉത്പ 4). ദൈവത്തിനും അയൽക്കാരനും സമുദായത്തിനും സൃഷ്ടിക്കും എതിരായി ചെയ്യപ്പെട്ട അസംഖ്യം തിന്മകൾ അന്നുതുടങ്ങി. സമർത്ഥനായ "നുണകളുടെ പിതാവിന്റെ" (യോഹ 8:44) സമരതന്ത്രം കൃത്യമായി പറഞ്ഞാൽ മിമിക്രിയാണ്. വശീകരിക്കലിന്റെ കപടവും അപകടകരവുമായ രൂപമാണത്. അത് തെറ്റായതും വശീകരിക്കുന്നതുമായ വാദമുഖങ്ങളോടെ ഹൃദയത്തിലേക്ക് ഇഴഞ്ഞുകയറുന്നു.

ആദിമപാപത്തിന്റെ വിവരണത്തിൽ പരീക്ഷകൻ സ്ത്രീയെ, അവളുടെ കൂട്ടുകാരനെന്ന ഭാവത്തിൽ സമീപിക്കുന്നു. അവളുടെ ക്ഷേമത്തിൽ മാത്രം താത്പര്യമുള്ളവനായി ഭാവിക്കുന്നു. ഭാഗികമായി മാത്രം സത്യമായ ഒരു കാര്യം പറഞ്ഞുകൊണ്ടു തുടങ്ങുന്നു. "തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്ന് ദൈവം യഥാർത്ഥത്തിൽ കല്പിച്ചിട്ടുണ്ടോ?" (ഉത്പ 3:1). ദൈവം യഥാർത്ഥത്തിൽ ആദത്തോട് ഏതു മരത്തിൽനിന്നും ഭക്ഷിക്കരുത് എന്ന് ഒരിക്കലും പറഞ്ഞില്ല. ഒരു മരത്തിൽനിന്നു ഭക്ഷിക്കരുതെന്നേ പറഞ്ഞുള്ളൂ. നന്മയുടെയും തിന്മയുടെയും അറിവിന്റെ മരത്തിൽനിന്ന് ഭക്ഷിക്കരുതെന്നേ ദൈവം കല്പിച്ചിട്ടുള്ളൂ (ഉത്പ 2:17). സ്ത്രീ സർപ്പത്തെ തിരുത്താൻ ശ്രമിച്ചു. പക്ഷേ, അവന്റെ പ്രലോഭനത്തിനു വഴങ്ങിപ്പോയി. "എന്നാൽ, തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്. ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ട്" (ഉത്പ 3:2) എന്ന് അവൾ പറഞ്ഞു. അവളുടെ ഉത്തരം നിയമപരവും നിഷേധപരവുമായ വാക്കുകളിൽ പൊതിഞ്ഞതായിരുന്നു. വഞ്ചകനെ കേൾക്കുകയും യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് അവൻ നല്കിയ വ്യാഖ്യാനം അംഗീകരിക്കുകയും ചെയ്തപ്പോൾ സ്ത്രീ വഴിതെറ്റിക്ക

പ്പെട്ടു. അവൾ ആ വഞ്ചകർ നല്കിയ ഉറപ്പ് ശ്രദ്ധിച്ചു: "നീ മരിക്കുകയില്ല" (ഉത്പ 3:4).

പരീക്ഷകന്റെ അഴിച്ചുപണിയൽ സത്യത്തിന്റെ ഭാവം സ്വീകരിക്കുന്നു: "അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം" (ഉത്പ 3:5). ദൈവത്തിന്റെ പിതൃസഹജമായ കല്പന - അവരുടെ നന്മയ്ക്കുവേണ്ടി നല്കപ്പെട്ടത് - ശത്രുവിന്റെ ആകർഷകമായ വശീകരണംവഴി അവിശ്വസനീയമാക്കപ്പെട്ടു: "ആ മരത്തിന്റെ പഴം രുചികരവും കണ്ണിനു കൗതുകകരവും അറിവുനല്കാൻ കഴിവുള്ളതുമാകയാൽ ആഗ്രഹിക്കത്തക്കതാണെന്ന് അവൾ കണ്ടു" (ഉത് 3:6).

ബൈബിളിലെ ഈ സംഭവം നമ്മുടെ പരിചിന്തനത്തിനുള്ള സത്താപരമായ ഒരു ഘടകത്തെ പ്രകാശിപ്പിക്കുന്നു. ദ്രോഹം ചെയ്യാത്ത വളച്ചൊടിക്കൽ പോലെ മറ്റൊന്നില്ല. എന്നാൽ അബദ്ധത്തെ വിശ്വസിച്ചാൽ അതിൽനിന്ന് കഠിനമായ അനന്തരഫലങ്ങളുണ്ടാകും. സത്യത്തിന്റെ നിസ്സാരമെന്നു തോന്നാവുന്ന വളച്ചൊടിക്കലും അപകടകരമായ അന്തരഫലങ്ങൾ ഉണ്ടാക്കും.

നമ്മെ അപകടത്തിലാക്കുന്നത് അത്യാഗ്രഹമാണ്. തെറ്റായ വാർത്തകൾ പെട്ടെന്നു പ്രചരിക്കുന്നതിനാൽ അതിനെ പിടിച്ചുനിറുത്താനാവാത്തവിധം വ്യാപിക്കും. അത് സാമൂഹികമാധ്യമങ്ങളെ പ്രചോദിപ്പിക്കുന്ന പങ്കുവക്കൽ ബോധംമൂലമല്ല. പിന്നെയോ മനുഷ്യജീവികളിൽ പെട്ടെന്ന് ഉണർത്താൻ കഴിവുള്ള തൃപ്തിപ്പെടുത്താനാവാത്ത അത്യാഗ്രഹത്തെ അത് അനുകൂലിക്കുന്നതുകൊണ്ടാണ്. തെറ്റായ വിവരദാനത്തെ തീറ്റിപ്പോറ്റുന്നത് സാമ്പത്തികവും കൃത്രിമവുമായ ലക്ഷ്യങ്ങളാണ്. അവയാകട്ടെ അധികാരത്തിനുവേണ്ടിയുള്ള ദാഹത്തിലും സമ്പാദിച്ചുകൂട്ടാനും സന്തോഷിക്കാനുള്ള ആഗ്രഹത്തിലും അടിയുറപ്പിച്ചിരിക്കുന്നു. അതാകട്ടെ നമ്മെ ആത്യന്തികമായി കൂടുതൽ ദുരന്തത്തിലെത്തിക്കുന്നു: തിന്മയുടെ വഞ്ചനാത്മകമായ ശക്തിയാണത്. അത് നമ്മുടെ ആന്തരിക സ്വാതന്ത്ര്യത്തെ ഒരു മാർഗത്തിൽനിന്നു മറ്റൊരു വഴിയിലേക്ക് തട്ടിക്കൊണ്ടുപോകുന്നു. അതുകൊണ്ടാണ് സത്യത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം, നമ്മുടെ ഏറ്റവും ആഴത്തിലുള്ള ആഗ്രഹങ്ങളെയും പ്രവണതകളെയും തിരിച്ചറിയാനും വിലയിരുത്താനും മനസ്സിലാക്കാനും ജനങ്ങളെ പഠിപ്പിക്കാനുള്ളതായിരിക്കേണ്ടത്. നന്മയായതിനെ സംബന്ധിച്ച കാഴ്ച നഷ്ടപ്പെടാതിരിക്കാനും ഓരോ പ്രലോഭനത്തിനും കീഴ്പ്പെടാതിരിക്കാനും വേണ്ടിയാണത്.

### 3. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)

വഞ്ചനാത്മകമായ ഭാഷകൊണ്ടുള്ള സ്ഥിരം ദുഷിപ്പിക്കൽ നമ്മുടെ ആന്തരിക ജീവിതത്തെ അവസാനം ഇരുണ്ടതാക്കിത്തീർക്കും. ഡൊസ്റ്റോവിസ്കിയുടെ നിരീക്ഷണം പ്രകാശം നല്കുന്ന ഒന്നാണ്: "തങ്ങളോടുതന്നെ നുണപറയുകയും സ്വന്തം നുണയെ ശ്രവിക്കുകയും ചെയ്യുന്നവർ തങ്ങളിൽത്തന്നെയും മറ്റുള്ളവരിലും ഉള്ള സത്യത്തെ തിരിച്ചറിയാനോ ശ്രവിക്കാനോ കഴിയാത്ത സ്ഥിതിയി

ലെത്തിച്ചേരും. അങ്ങനെ തങ്ങളെപ്പറ്റിയും ചുറ്റുമുള്ള മറ്റുള്ളവരെപ്പറ്റിയും ഉണ്ടായിരിക്കേണ്ട ബഹുമാനം നഷ്ടപ്പെടും. അവർ ആദരവില്ലാത്തതുകൊണ്ട് സ്നേഹിക്കാത്തവരും തങ്ങളെത്തന്നെ നിലനിറുത്താൻ ഏകാഗ്രതയില്ലാത്തവരുമായി തീവ്രവികാരങ്ങളിലേക്കും. മര്യാദയില്ലാത്ത സുഖങ്ങളിലേക്കും നീങ്ങും. അവർ തങ്ങളുടെ തിന്മകളിൽ മൃഗീയതയിലേക്കു മുങ്ങിത്താഴും. എല്ലാം തങ്ങളോടുതന്നെയും മറ്റുള്ളവരോടും നിരന്തം നുണപറഞ്ഞതുകൊണ്ടുതന്നെ" (കാരമസോവ് ബ്രദേഴ്സ് II,2).

അതുകൊണ്ട് നമ്മൾ എങ്ങനെ സ്വയം സംരക്ഷിക്കും? തെറ്റിന്റെ രോഗാണുവിനെതിരായ ഏറ്റവും മൗലികമായ മറുമരുന്ന് സത്യംകൊണ്ടുള്ള വിശുദ്ധീകരിക്കലാണ്. ക്രിസ്തുമതത്തിൽ സത്യം എന്നത് കാര്യങ്ങളെ സത്യമെന്നോ തെറ്റെന്നോ നിർവചിച്ച് എങ്ങനെ വിധിക്കുന്നു എന്ന വെറും സങ്കല്പപരമായ യാഥാർത്ഥ്യമല്ല. ഒളിച്ചുവച്ചിരിക്കുന്ന കാര്യങ്ങളെ വെളിച്ചത്തുകൊണ്ടുവരൽ, "യാഥാർത്ഥ്യത്തെ വെളിപ്പെടുത്തൽ" – മാത്രമല്ല സത്യം. പ്രാചീന ഗ്രീക്കുഭാഷയിൽ *അലെത്തേയിയ* (അ–ലെത്തെസ് = മറഞ്ഞിരിക്കാത്തത്) എന്നാണ് പറഞ്ഞിരുന്നത്. അത് നമ്മെ വിശ്വാസത്തിലേക്കു നയിക്കുമെന്നാണ് കരുതിയിരുന്നത്. എന്നാൽ സത്യം നമ്മുടെ മുഴുവൻ ജീവിതത്തെയും ബാധിക്കുന്ന ഒന്നാണ്. ബൈബിളിൽ പിന്തുണയുടെയും ഐക്യദാർഢ്യത്തിന്റെയും വിശ്വാസത്തിന്റെയും ഒരർത്ഥം അതിനുണ്ട്. 'അമാൻ' എന്ന ക്രിയാധാതുവിന് ആ അർത്ഥമാണുള്ളത്. ലിറ്റർജിപരമായ നമ്മുടെ 'ആമ്മേൻ' എന്ന പ്രയോഗത്തിന്റെ മൂലധാതു അതാണ്. മറിഞ്ഞുവീഴാതെ ചാരിനില്ക്കാവുന്ന ഒന്നാണ് സത്യം. ബദ്ധപൂർവകമായ ഈ അർത്ഥത്തിൽ യഥാർത്ഥത്തിൽ ആശ്രയിക്കാവുന്നതും വിശ്വാസയോഗ്യമായിരിക്കുന്നതും ഒരാൾ മാത്രമാണ്. നമുക്ക് ആശ്രയിക്കാൻ പരിഗണിക്കാവുന്ന ഏകവ്യക്തി. ആ വ്യക്തിയാണ് ദൈവം. അതുകൊണ്ട് യേശുവിന് ഇങ്ങനെ പറയാനാവും: "ഞാനാണു സത്യം" (യോഹ 14:6). നമ്മെ സ്നേഹിക്കുന്നവന്റെ സത്യസന്ധതയിലും വിശ്വസ്തതയിലും സത്യത്തെ അനുഭവിച്ചറിയുമ്പോൾ നാം സത്യത്തെ കണ്ടെത്തുകയും വീണ്ടും കണ്ടെത്തുകയും ചെയ്യും. നമ്മെ സ്വതന്ത്രരാക്കാൻ ഇതിനുമാത്രമേ കഴിയുകയുള്ളൂ: "സത്യം നിങ്ങളെ സ്വതന്ത്രരാക്കും " (യോഹ 8:32).

**തെറ്റിൽനിന്നുള്ള സ്വാതന്ത്ര്യവും ബന്ധത്തിനുവേണ്ടിയുള്ള അന്വേഷണവും:**

നമ്മുടെ വാക്കുകളും ആംഗ്യങ്ങളും സത്യസന്ധവും യഥാർത്ഥവും വിശ്വാസയോഗ്യവുമാകണമെങ്കിൽ ഈ രണ്ടു ഘടകങ്ങളും ഉണ്ടായിരിക്കണം. സത്യത്തെ വിവേചിച്ചറിയുന്നതിന് ഐക്യത്തെ പ്രോത്സാഹിപ്പിക്കുകയും നമ്മയെ വളർത്തുകയും ചെയ്യുന്ന എല്ലാറ്റിനെയും തിരിച്ചറിയണം. ഒറ്റപ്പെടുത്താനും വിഭജിക്കാനും എതിർക്കാനും പ്രേരിപ്പിക്കുന്നവയെ മനസ്സിലാക്കണം. അതുകൊണ്ട് സത്യത്തെ വ്യക്തിത്വമില്ലാത്ത ഒന്നായി ബാഹ്യലോകത്തുനിന്ന് അടിച്ചേല്പിക്കുമ്പോൾ നാം യഥാർത്ഥത്തിൽ, അങ്ങിനെ സ്വീകരിക്കുന്നില്ല. എന്നാൽ വ്യക്തികൾ തമ്മിലുള്ള സ്വതന്ത്രമായ ബന്ധങ്ങളിൽനിന്ന് പരസ്പര ശ്രവണത്തിൽനിന്ന് – ഉണ്ടാകുമ്പോൾ മാത്രമാണ് സ്വീകരിക്കുന്നത്.

സത്യാന്വേഷണം ഒരിക്കലും നിർത്തിവയ്ക്കാനും സാധ്യമല്ല. എന്തെന്നാൽ അസത്യം എപ്പോഴും കയറിക്കൂടാം. സത്യമായ കാര്യങ്ങൾ പറയുമ്പോൾപോലും അതുണ്ടാകാം. തെറ്റുവരാനാവാത്ത ഒരു വാദമുഖം യഥാർത്ഥത്തിൽ നിഷേധിക്കാനാവാത്ത യാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമാണ്. എന്നാൽ അത് മറ്റൊരാളെ ദ്രോഹിക്കാനും മറ്റുള്ളവരുടെ മുമ്പിൽ അയാളെ വിശ്വസിക്കാനാവാത്തവനായി കാണിക്കാനും ഉപയോഗിച്ചാൽ, അത് എത്ര ശരിയായി കാണപ്പെട്ടാലും സത്യപൂർണമായിരിക്കുകയില്ല.

പ്രസ്താവനകളുടെ സത്യസന്ധതയെ അവയുടെ ഫലങ്ങളിൽനിന്ന് നമുക്കു തിരിച്ചറിയാം. അവ വഴക്കുകൾക്കു കാരണമാകുന്നുണ്ടോ? വിഭജനമുണ്ടാക്കുന്നുണ്ടോ? പിന്തിരിയാൻ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? അതോ സർഗാത്മകമായ സംഭാഷണത്തിലേക്കും ഫലപൂർണമായ അനന്തരഫലങ്ങളിലേക്കും നയിക്കുന്ന വിവരങ്ങൾ അറിയുന്ന പക്വമായ വിചിന്തനത്തിലേക്കു നയിക്കുന്നുണ്ടോ?

**4. സമാധാനമാണ് യഥാർത്ഥ വാർത്ത**

അബദ്ധങ്ങൾക്കെതിരായിട്ടുള്ള ഏറ്റവും നല്ല മറുമരുന്നുകൾ സമരതന്ത്രങ്ങളല്ല, പിന്നെയോ വ്യക്തികളാണ്: അത്യാഗ്രഹമില്ലാത്ത മനുഷ്യർ, കേൾക്കാൻ തയ്യാറായിട്ടുള്ളവർ. സത്യം പുറത്തുവരുന്നതിന് ആത്മാർത്ഥമായ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശ്രമിക്കുന്നവൻ, നന്മയാൽ ആകർഷിക്കപ്പെടുന്നവർ, ഭാഷയുടെ ഉപയോഗത്തെക്കുറിച്ച് ഉത്തരവാദിത്വം വഹിക്കാൻ തയ്യാറുള്ളവർ. വ്യാജവാർത്തകളുടെ പ്രചാരണത്തിനുള്ള പ്രത്യുത്തരം ഉത്തരവാദിത്വമാണെങ്കിൽ വിവരങ്ങൾ നല്കുകയെന്ന ജോലി ചെയ്യുന്നവർക്ക് – ജേർണലിസ്റ്റുകൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്. അവർ വാർത്തകളുടെ സംരക്ഷകരാണ്. ഒരർത്ഥത്തിൽ അവരുടേത് ഇന്നത്തെ ലോകത്ത് വെറും ജോലിയല്ല. അത് ഒരു ദൗത്യമാണ്. ഉന്മാദത്തെ തീറ്റിപ്പോറ്റുന്നതിന്റെയും വാർത്തകൾ തട്ടിയെടുത്തു പെട്ടെന്നു പ്രചരിപ്പിക്കാനുള്ള ഭ്രാന്തുപിടിച്ച ഓട്ടത്തിന്റെയും മധ്യത്തിൽ അവർ ഒരു കാര്യം ഓർക്കണം: വിവരദാനത്തിന്റെ ഹൃദയം റിപ്പോർട്ടുചെയ്യുന്നതിലുള്ള ധൃതിയല്ല, അത് ശ്രോതാക്കളിൽ ചെലുത്തുന്ന സ്വാധീനവുമല്ല, പിന്നെയോ വ്യക്തികളാണ്. മറ്റുള്ളവർക്ക് അറിവുപകരുകയെന്നതിന്റെ അർത്ഥം മറ്റുള്ളവരെ പരിശീലിപ്പിക്കുകയെന്നതാണ്. ജനങ്ങളുടെ ജീവിതവുമായി ബന്ധമുണ്ടായിരിക്കുകയെന്നതാണ്. അതുകൊണ്ടാണ് ഉറവിടങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതും വിവരദാനത്തെ സംരക്ഷിക്കുന്നതും നന്മയെ വളർത്താനും വിശ്വാസ്യതയെ ജനിപ്പിക്കാനും കൂട്ടായ്മയ്ക്കും സമാധാനത്തിനുമുള്ള മാർഗം തുറക്കാനും വേണ്ടിയുള്ള യഥാർത്ഥ മാർഗമായിരിക്കുന്നത്.

അതുകൊണ്ട്, സമാധാനത്തിന്റെ ജേർണലിസത്തെ വളർത്താൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഇതുവഴി, ഗൗരവമുള്ള പ്രശ്നങ്ങളെ അംഗീകരിക്കാതെ മധുരിപ്പിക്കുന്ന ജേർണലിസം എന്നോ തീവ്രവികാരത്തെ ഉദ്ദീപിക്കുന്ന ജേർണലിസമെന്നോ ഞാൻ ഉദ്ദേശിക്കുന്നില്ല. നേരേമറിച്ച്, സത്യസന്ധവും തെറ്റു

കളെയും തർക്കപരമായ മുദ്രാവാക്യങ്ങളെയും വികാരതീവ്രതയുണ്ടാക്കുന്ന തലവാചകങ്ങളെയും എതിർക്കുന്ന ജേർണലിസമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ സൃഷ്ടിക്കപ്പെട്ട, എല്ലാവർക്കും സേവനം ചെയ്യുന്ന – പ്രത്യേകിച്ച് നമ്മുടെ ലോകത്തിൽ ഭൂരിപക്ഷമായിട്ടുള്ള ശബ്ദമില്ലാത്തവർക്ക് സേവനംചെയ്യുന്ന ജേർണലിസംതന്നെ. അത് ബ്രേക്കിംഗ് ന്യൂസുകളിൽ കുറച്ചുമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കണം. സംഘട്ടനങ്ങളുടെ അടിയിലുള്ള കാരണങ്ങളെ കണ്ടെത്തുന്നതും കൂടുതൽ ആഴത്തിൽ ധാരണയുണ്ടാകാനും ഗുണകരമായ പ്രക്രിയയിലൂടെ അവയുടെ പരിഹാരത്തിനു സഹായിക്കുന്നതുമായിരിക്കണം. അലറുന്ന പരാക്രമത്തിനും വാക്കുകൊണ്ടുള്ള അക്രമത്തിനും പകരമായിട്ടുള്ളവ ചൂണ്ടിക്കാണിക്കുന്നതിന് സ്വയം സമർപ്പിക്കുന്ന ഒരു ജേർണലിസമാണു വേണ്ടത്.

ഈ ലക്ഷ്യത്തിനായി വ്യക്തിയായിത്തീർന്ന സത്യത്തിലേക്ക് ഫ്രാൻസിസ്കൻ പ്രാർത്ഥനയിൽനിന്നു പ്രചോദനം സ്വീകരിച്ച് നമുക്കു തിരിയാം:

“കർത്താവേ, ഞങ്ങളെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണങ്ങളാക്കണമേ.
കൂട്ടായ്മയെ സൃഷ്ടിക്കാത്ത വിവരദാനപ്രക്രിയയിൽ ഒളിഞ്ഞിരിക്കുന്ന
തിന്മയെ തിരിച്ചറിയാൻ ഞങ്ങളെ സഹായിക്കണമേ.
ഞങ്ങളുടെ ന്യായവിധികളിൽനിന്ന് വിഷംമാറ്റിക്കളയാൻ ഞങ്ങളെ
സഹായിക്കണമേ.
മറ്റുള്ളവരെ ഞങ്ങളുടെ സഹോദരീസഹോദരന്മാരായി കണ്ട് സംസാരിക്കാൻ
ഞങ്ങളെ സഹായിക്കണമേ,
അവിടന്ന് വിശ്വസ്തനും വിശ്വാസയോഗ്യനുമാകുന്നു,
ഞങ്ങളുടെ വാക്കുകൾ ലോകത്തിനു നന്മയുടെ വിത്തുകളായിരിക്കട്ടെ:
ആക്രോശമുള്ളിടത്ത് ഞങ്ങൾ ശ്രവണം പരിശീലിക്കട്ടെ.
ആശയക്കുഴപ്പമുള്ളിടത്ത് ഞങ്ങൾ സമന്വയത്തെ പ്രചോദിപ്പിക്കട്ടെ.
സംശയമുള്ളിടത്ത് ഞങ്ങൾ വ്യക്തത കൊണ്ടുവരട്ടെ.
പരിവർജ്ജനമുള്ളിടത്ത് ഞങ്ങൾ ഐക്യദാർഢ്യം നല്കട്ടെ.
പ്രക്ഷോഭമുള്ളിടത്ത് ഞങ്ങൾ സമചിത്തത ഉപയോഗിക്കട്ടെ.
ഉപരിപ്ലവത്വമുള്ളിടത്ത് ഞങ്ങൾ യഥാർത്ഥ ചോദ്യങ്ങൾ ചോദിക്കട്ടെ.
മുൻവിധിയുള്ളിടത്ത് ഞങ്ങൾ വിശ്വാസ്യതയെ ഉണർത്തട്ടെ.
ശത്രുതയുള്ളിടത്ത് ഞങ്ങൾ ബഹുമാനം കൊണ്ടുവരട്ടെ.
അബദ്ധമുള്ളിടത്ത് ഞങ്ങൾ സത്യം കൊണ്ടുവരട്ടെ.”

## `{Zmk \ hmÀ¯ IÄ

**ഭദ്രാസന ഉദ്ഘാടനം**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 11–ാ മത് ഭദ്രാസനമായ പാറശാല രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണവും വി. മദർ തെരേസയുടെ നാമധേയത്തിൽ സ്ഥാപിതമായ രൂപതയുടെ ഔദ്യോഗിക ഉദ്ഘാടനവും ബാലരാമപുരം സെന്റ് ജോസഫ് ദൈവാലയ അങ്കണത്തിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ 2017 സെപ്തംബർ 23–ന് നടന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി. കുർബാനയിൽ ഭാരതത്തിലെ അപ്പസ്തോലിക് ന്യുൺഷിയോ അഭിവന്ദ്യ ആർച്ചുബിഷപ്പ് ജാംബാത്തിസ്തോ ദികാത്രോ വചനസന്ദേശം നൽകി. വി. കുർബാനയുടെ കുക്കിലിയോനു ശേഷം നടന്ന സുന്ത്രോണീസോ ശുശ്രൂഷയ്ക്ക് അത്യഭിവന്ദ്യ കാതോലിക്കാബാവാ മുഖ്യകാർമികത്വം വഹിച്ചു. അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ യൂസഫ് യൂനാൻ പാത്രിയർക്കീസ് ബാവാ സ്ഥാനാരോഹണ ശുശ്രൂഷകളുടെ മുഖ്യസഹകാർമ്മികനായിരുന്നു.

ശുശ്രൂഷകൾക്ക് ശേഷം നടന്ന പൊതുസമ്മേളനത്തിൽ രൂപതയുടെ ഔദ്യോഗിക ഉദ്ഘാടനം കാതോലിക്കാബാവാ നിർവഹിച്ചു. മിഷണറീസ് ഓഫ് ചാരിറ്റി സന്യാസിനിസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ വെരി. റവ. സി. പ്രേമ ഭദ്രദീപം തെളിയിച്ച് സന്ദേശം നൽകുകയും ഭദ്രാസനത്തിൽ സ്ഥാപിക്കാനായി കൊണ്ടുവന്ന വി. മദർ തെരേസയുടെ തിരുശേഷിപ്പ് രൂപതാദ്ധ്യക്ഷന് ഔദ്യോഗികമായി നൽകുകയും ചെയ്തു. ഭാരതത്തിന്റെ സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ്, കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അദ്ധ്യക്ഷൻ ആർച്ചുബിഷപ്പ് ഡോ. എം. സൂസൈപാക്യം, നെയ്യാറ്റിൻകര രൂപതാദ്ധ്യക്ഷൻ ഡോ. വിൻസെന്റ് സാമുവൽ, സി.എസ്.ഐ. ബിഷപ്പ്

ഡോ. ധർമ്മരാജ് റസാലം, ബഹു. ഇമാം പാച്ചല്ലൂർ അബ്ദുൾ സലിം മൗലവി, ജനപ്രതിനിധികളായ ശ്രീ. എം. വിൻസെന്റ് എം.എൽ.എ., ശ്രീ. ഐ. ബി. സതീഷ് എം.എൽ.എ., വെണ്ണിയൂർ നിർമ്മലാ പ്രോവിൻസ് മദർ സുപ്പീരിയർ ബഹു. മദർ ലിഡിയ ഡി.എം. എന്നിവർ ആശംസകൾ അറിയിച്ച് പ്രസംഗിച്ചു. തദവസരത്തിൽ ഈ പ്രദേശത്തെ നിരവധി മിഷൻ കേന്ദ്രങ്ങൾക്ക് തുടക്കം കുറിച്ച വന്ദ്യ ഫിലിപ്പ് ഉഴുന്നല്ലൂർ കോർ എപ്പിസ്ക്കോപ്പായെ കാതോലിക്കാബാവാ തിരുമേനി പ്രത്യേകം ആദരിച്ചു. സ്ഥാനാരോഹണ ശുശ്രൂഷകളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും, നിരവധി വൈദികരും സന്യസ്തരും ദൈവജനവും പങ്കെടുത്തു. വിവിധ കമ്മിറ്റികൾ ആഘോഷങ്ങളുടെ നടത്തിപ്പിനായി നേതൃത്വം നൽകി.

## രൂപതാ കേന്ദ്രം

പാറശ്ശാല രൂപതയുടെ ആസ്ഥാനകേന്ദ്രം പാറശ്ശാലയിലെ കുടയാൽ സെന്റ് മേരീസ് ദൈവാലയ അങ്കണത്തിലെ താൽകാലിക മന്ദിരത്തിൽ പ്രവർത്തനം ആരംഭിച്ചു. അരമനയുടെ കൂദാശ മേജർ ആർച്ചു ബിഷപ്പ് മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ 2017 നവംബർ 2-ന് നിർവഹിച്ചു. തദവസരത്തിൽ രൂപതയുടെ പ്രഥമ വികാരി ജനറാളായി ബഹു. ജോസ് കോണത്തുവിള അച്ചനെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ നിയമിച്ചു. രൂപതയിലെ എല്ലാ വൈദികരും സന്യസ്തരും ഇടവക പ്രതിനിധികളും കൂദാശ കർമ്മങ്ങളിൽ സംബന്ധിച്ചു.

## വൈദിക ജില്ലകൾ

പാറശ്ശാല രൂപത സ്ഥാപിതമായതിനെ തുടർന്ന് നിലവിലുള്ള വൈദികജില്ലകൾ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലിത്താ പുനഃക്രമീകരിച്ചു. പുതിയതായി രണ്ടു വൈദികജില്ലകൾ കൂടി സ്ഥാപിച്ച് രൂപതയിലെ ഇടവകകളെ അഞ്ച് വൈദികജില്ലകളാക്കി.

## വൈദികജില്ലകളും - ജില്ലാവികാരിമാരും

| | | |
|---|---|---|
| ബാലരാമപുരം | - | വെരി റവ. ഫാ. തോമസ് പൊറ്റപ്പുരയിടം |
| ചെമ്പൂര് | - | വെരി. റവ. ഫാ. ജസ്റ്റിൻ നീലറത്തല |
| കാട്ടാക്കട | - | വെരി റവ. ഡോ. വർഗീസ് നടുതല |

നെയ്യാറ്റിൻകര – വെരി. റവ. ഫാ. ആന്റണി പ്ലാംപറമ്പിൽ
പാറശ്ശാല – വെരി. റവ. ഫാ. സാമുവൽ പുത്തൻപുരയിൽ

**നിത്യവ്രതവാഗ്ദാനം**

വെണ്ണിയൂർ നിർമ്മലാ പ്രോവിൻസിലെ നാല് ബഹു. സിസ്റ്റേഴ്സ് നിത്യവ്രത വാഗ്ദാനം നടത്തി. മെയ് 2–ാം തീയതി രാവിലെ 10.00 ന് വെണ്ണിയൂർ പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലിത്തായുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന മദ്ധ്യേ നടന്ന പ്രത്യേക ശുശ്രൂഷ യിലാണ് ബഹു. സിസ്റ്റേഴ്സ് നിത്യവ്രത വാഗ്ദാനം നടത്തിയത്.

സി. ആൻസി ജോസഫ് DM

സി. റോസി ഫ്രാൻസിസ് DM

സി. മറീന പോൾ DM

സി. അൽഫോൻസ തോമസ് DM

ബഹു. സിസ്റ്റേഴ്സിന് പ്രാർത്ഥനാശംസകൾ!



## Name & Address of Priests in the Eparchy

1. **Rt. Rev. Msgr. Konathuvila Jose**
   Catholic Bishop's House
   Ayira P.O., Kudayal, Parassala, Trivandrum - 695 502.
2. **Rt. Rev. Ouzhunnalloor Philip Cor - Episcopa**
   St. Philip's H.S. School, Nellikad,
   Kandala P.O., Trivandrum - 695 512.
3. **Very Rev. Fr. Puthenveettil Hormis**
   St. Antony's SMCC,
   Puthenkavuvila, Koovalassery, Trivandrum - 695 512.
4. **Rev. Fr. Chalarackal Bosco**
   Bethlahem Boy's Home
   Viswadeepthi Campus, Charupara,
   Kattakkada P.O., Trivandrum - 695 572.
5. **Rev. Fr. Dharmaraj. T**
   Lal Bhavan, Kuzhikaravila,
   Kattakkada P.O., Trivandrum - 695 572.
6. **Rev. Fr. Ennavila Robert** (Abroad)
7. **Rev. Fr. Ennavila Santhosh**
   St. George SMCC, Christ Nagar,
   Charottukonam, Karode P.O.,Trivandrum - 695 506.
8. **Rev. Fr. Kodithara Varghese**
   Bethany Estate, Mukkampala
   Manalikkara, K.K. Dist., Tamil Nadu.
9. **Rev. Fr. Konathuvila Augustine**
   Bethlahem Boy's Home,
   Viswadeepthi Campus, Charupara,
   Kattakkada P.O., Trivandrum - 695 572.
10. **Rev. Fr. Konathuvila Justin Lazer** (Abroad)
11. **Rev. Fr. Konathuvila Xavier**
    St. Mary's SMCC, Maruthimoode,
    Elamannoor P.O., Adoor,
    Pathanamthitta - 691 524.

12. **Very Rev. Fr. Kulangara Thomas**
Unity Ashram, Edanji,
Manchavilakam P.O.,
Neyyattinkara, Trivandrum.

13. **Rev. Fr. Mavaravilakam Issac**
St. Joseph’s SMCC,
Chemboor P.O., Ottassekharamangalam,
Trivandrum - 695125.

14. **Rev. Fr. Mekkarikathu Prabheesh George** (Abroad)

15. **Very Rev. Fr. Naduthala Varghese**
Bethlahem Boys Home
Viswadeepthi Campus, Charupara,
Kattakkada P.O., Trivandrum - 695 572.

16. **Very Rev. Fr. Neelarathala Justin**
St. Mary's SMCC, Amboori,
Vellarada, Trivandrum - 695 505.

17. **Rev. Fr. Ooralivila Bijoy**
St. Antony's SMCC, Kuttichal P.O.,
Trivandrum - 695574.

18. **Rev. Fr. Parayilkkada Jose**
St. Paul's SMCC, Mylakkara P.O.,
Kattakkada, Trivandrum - 695 572.

19. **Very Rev. Fr. Plamparampil Antony**
St. George SMCC, Malankara Bhavan,
Kannaravila, Nellimoode P.O.,
Trivandrum - 695 524.

20. **Very Rev. Fr. Pottappurayidam Thomas**
St. George’s SMCC,
Pravachambalam, Nemom P.O., Trivandrum - 695 020.

21. **Rev. Fr. Puthenveedu Sajan**
St. Mary’s SMCC,
Kuzhinjanvila, Oorambu,
Karode P.O, Trivandrum - 695 506.

22. **Rev. Fr. Thankalayam Sheen**
St. John the Baptist SMCC,
Chaikottukonam P.O., Amaravila,
Neyyattinkara, Trivandrum - 695 122.

23. **Rev. Fr. Thunduthattuputhenveedu Aloysius**
St. Sebastian's SMCC, Amblikonam,
Karode P.O., Uchakkada, Trivandrum - 695 506.

24. **Rev. Fr. Vadakkethuruthel Varghese**
St Joseph's SMCC,
Venniyoor, Nellivila P.O., Trivandrum - 695 523.

25. **Rev. Fr. Valiyavila Bernard** (Abroad)

26. **Rev. Fr. Varuvila Benedict**
St. Francis Xavier SMCC,
Chemparathivila P.O., Thozhukal,
Neyyattinkara, Trivandrum - 695 126.

27. **Rev. Fr. Vattapparampil Thomas**
Catholic Bishop's House,
Ayira P.O., Kudayal, Parassala, Trivandrum - 695 502.

## Priests Serving in the Diocese

1. **Rev. Fr. Alummoottil Mathews (TVM)**
St. George's SMCC,
Ponneduthakuzhy, Uriyakode P.O.,
Vellanad, Trivandrum - 695 543.

2. **Rev. Fr. Eettikalayil Thomas (PTA)**
St. Pious X SMCC,
Cheruvarakkonam P.O., Parassala, Trivandrum - 695 502.

3. **Rev. Fr. Kaimalayil George (TVM)**
Sacred Heart SMCC,
Thinavila, Thiruvallam P.O., Trivandrum - 695 027.

4. **Rev. Fr. Kannamthanam Sebastian(TVM)**
St. Mary's SMCC,
Parassala P.O., Trivandrum - 695 502.

5. **Rev. Fr. Koipurath Thomas (TVM)**
St. Antony's SMCC,
Kannamkode, Kulangarakonam,
Machel P.O., Trivandrum - 695 571.

6. **Rev. Fr. Kumbalath Adarsh (TVM)**
